# സ്വരരാഗസുധ

ചങ്ങമ്പുഴ കൃഷ്ണപിള്ള

# സ്വരരാഗസുധ

**കവിതാസമാഹാരം**

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**താളിളക്കം**

**2020**

| | |
|---|---|
| പേര്: | **സ്വരരാഗസുധ** |
| ഭാഷ | മലയാളം |
| വിഭാഗം: | കവിതാസമാഹാരം |
| രചന: | ചങ്ങമ്പുഴ കൃഷ്ണപ്പിള്ള |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# സ്വരരാഗസുധ – കവിതാസമാഹാരം

ചങ്ങമ്പുഴ കൃഷ്ണപിള്ള

## ഉള്ളടക്കം

രാക്കിളികൾ

മനസ്വിനി

ആരാമത്തിലെ ചിന്തകൾ

തപ്തപ്രതിജ്ഞ

മയക്കത്തിൽ

സങ്കല്പകാമുകൻ

കാവ്യനർത്തകി

## രാക്കിളികൾ (ഒരു പുതിയ തുയിലുണർത്തു പാട്ട്)

യുവാവ് : അഴകലകൾ ചുരുളു വിരി-
ഞ്ഞൊഴുകിവരും കവനകലേ!
യുവതി : കവനകലേ, കലിതഫലേ,
കരുണരസ ജല വിമലേ!
യുവാവ് : ജല വിമലേ, ധൃതകമലേ
ജയ ജനിതധ്വനി തരളേ!
യുവതി : ധനിതരളേ, ജയ, ജയ, നീ
ഗുണസരളേ ജയ, ജയ, നീ!
യുവാവ് : തവ ഹരിത തൃണഭരിത-
തടനികടത്തണലുകളിൽ-
യുവതി : തണലുകളിൽ, തത്ത തത്തി
തളിരുലയും കുടിലുകളിൽ
യുവാവ് : കുടിലുകളിൽ, ചെടികളാടി-
ക്കുയിലുകൂകും കാട്ടുകളിൽ
യുവതി : കാട്ടുകളിൽ പാടിനട-
ന്നാട്ടുമേയ്ക്കാൻ വന്ന ഞങ്ങൾ!
യുവാവ് : കാമുകനും കൺമണിയു-
മാണു ഞങ്ങൾ കവി മാതേ
യുവതി : കവിമാതേ, കാമുകനെൻ
കരളിനെഴും മിഴിയാണേ!
യുവാവ് : മിഴിയാണേ, കണ്മണിയാ-
മിഴി വിടരും കതിരാണേ!
യുവതി : കതിര്മിഴിയിലമൃതെഴുതാൻ
കവിമാതേ, തുയിലുണരൂ!
യുവാവ് : കവിമാതേ, പുതിയലോകം
കണികാണാൻ തുയിലുണരൂ!
യുവതി : തുയിലുണരൂ, പഴയലോകം
തുലഞ്ഞുകാണാൻ തുയിലുണരൂ!
യുവാവ് : തുയ്ലുണരൂ, തൊഴിൽ പൊഴിവൂ
തുമൂലരവം, തുയിലുണരൂ!
യുവതി : തുയിലുണരൂ, ചെങ്കൊടി തൻ

ത്തുമ കാണാൻ ത്തുയിലുണരൂ!
യുവാവ് : കവിമാതേ, ത്തുയിലുണരൂ,
കരൾ നിറയെച്ചിരി പകരൂ!
യുവതി : ചിരിപകരൂ, ചിന്തകളിൽ
ചിറകുവരാൻ ത്തുയിലുണരൂ;
യുവാവ് : ത്തുയിലുണരൂ ജന വിഭവ
ത്തുലനഫല മധു നുകരൂ!
യുവതി : മധു നുകരൂ! മതിമഹിതേ,
ത്തുയിലുണരൂ, കവിമാതേ!
യുവാവ് : അഴിമതികൾക്കുറുതിയണ-
ഞ്ഞരമനകളടിഞ്ഞു മണ്ണിൽ
യുവതി : അടിഞ്ഞ മണ്ണിലഭ്യുദയ-
മടിമുടി പൊന്നലരണിഞ്ഞൂ.
യുവാവ് : അലരണിഞ്ഞു ജീവിതങ്ങൾ-
അഖിലമൊപ്പം കതിരുവന്നു.
യുവതി : കതിരുവന്ന കാഴ്ചകാണാൻ
കവിമാതേ, ത്തുയിലുണരൂ!
യുവാവ് : അവനിയിലിന്നപഗതമാ-
യവശതകള, ലസതകൾ,
യുവതി : അലസതകളൊടിയൊഴിയാൻ
അരിവാളിൻ തിരുനാമം!
യുവാവ് : തിരുനാമത്തിരിയുഴിയാം
തടലുടലിൽ തിരിയെവരാൻ!
യുവതി : തിരിയെവരും തിറമൊട്ടുനീ
ത്തുയിലുണരൂ കവിമാതേ!
യുവാവ് : വിപ്ലവവെയ്ലേറ്റിളകി
വിത്തമദം കക്കുകയായ്
യുവതി : കക്കുകയായ് കയ്പുരസം
കർക്കിടകക്കരിമാസം
യുവാവ് : കരിമാസം കരൾകവരും
കതിർ മഴയിൽ കളിയാടി,
യുവതി : കളിയാടാൻ കരിനുകമായ്
കവിമാതേ, ത്തുയിലുണരൂ!

യുവാവ് : ചിന്നിയിളന്തളിരിളകും
ചിങ്ങമരച്ചില്ലകളിൽ
യുവതി : ചില്ലകളിൽ ത്തിരുവോണ-
ച്ചെല്ലമണിക്കുയിൽ കൂകി;
യുവാവ് : കുയിൽ കൂകിക്കൊഞ്ചിവരും
കുലകന്യയ് ക്കകമഴിയാൻ.
യുവതി : അകമഴിയും പൂജകാണാൻ
തുയിലുണരൂ കവിമാതേ!
യുവാവ് : കർമ്മശതമൊരുതട്ടിൽ
നന്മകളോ മറുതട്ടിൽ
യുവതി : ഇരുതട്ടുമൊരുപോലാ-
യൊരുമയുടെ നല്ല തുലാം-
യുവാവ് : നല്ലതുലാം മൃതനരക-
കല്യതയിൽ കതിർ ചാർത്തി,
യുവതി : കതിർ ദീപം കണ്ടു തൊഴാൻ
കവിമാതേ, തുയിലുണരൂ!
യുവാവ് : പുച്ഛമതിലമൃതൊഴുകി
വൃശ്ചികമാതെഴുനള്ളി
യുവതി : എഴുനള്ളി, ക്കനകവിള-
ക്കെഴുതിരിയിട്ടെരിയിക്കേ.
യുവാവ് : എരിയിക്കെക്കാർത്തികതൻ
തിരുഹൃദയം തുടികൊട്ടി
യുവതി : തുടികൊട്ടി ത്തുയിരകലാൻ
തുയിലുണരൂ, കവിമാതേ!
യുവാവ് : പനിനീരിൽ മേൽകഴുകി
പ്പാൽനിലാപ്പൂന്തുകിൽ ചാർത്തി-
യുവതി : തുകിൽ ചാർത്തിദ്ധനുസഖിയാം
കനലൊളിയാമാർദ്രയുമായ്
യുവാവ് : ആർദ്രയുമാ യദ്രിജയെ-
ക്കുപ്പി മുദാ കളിയാടാൻ,
യുവതി : കളികാണാൻ കലിതരസം
കവിമാതേ, തുയിലുണരൂ!
യുവാവ് : മകരശ്രീ മഞ്ഞലയാൽ

മരനിരയെ മലരണിയെ-
യുവതി : അണിമലർച്ചെണ്ടലഞ്ഞുലഞ്ഞ-
ങ്ങാനന്ദപ്പാൽക്കാവടികൾ-
യുവാവ് : കാവടികളണിയണിയായ്-
ക്കരളുകളിലലതുള്ളി-
യുവതി : തുള്ളിവരും തുള്ളൽ കാണാൻ
തുയിലുണരൂ, കവിമാതേ!
യുവാവ് : മിശിഹയുടെ തിരുഹൃദയ-
വിശുദ്ധരുചി വിളയാടി-
യുവതി : വിളയാടിപ്പൊൻ കുരിശിൻ-
വിമലതതൻ മണികുംഭം-
യുവാവ് : മണികുംഭജ്ഞാന ജലം
മനമിയലും കറ കളയാൻ
യുവതി : കറകളയാൻ, കനിവുയരാൻ
കവിമാതേ, തുയിലുണരൂ!
യുവാവ് : സഹകരണസരസി മുദാ
വിഹരിക്കും ശുഭമീനം-
യുവതി : ശുഭമീനം-പ്രോദ്ഗതിത-
ന്നഭിമാനം-വളരാനും-
യുവാവ് : വളരാനും വഞ്ചനതൻ
വലകളിൽ നിന്നകലാനും
യുവതി : അകലാത്തോരകവെളിവിൽ
തുയിലുണരൂ, കവിമാതേ!
യുവാവ് : മേടപ്പൂങ്കൊന്നയുല-
ഞ്ഞാടും പൊൻകിങ്ങിണികൾ-
യുവതി : കിങ്ങിണികൾ സുലഭതതൻ
തൊങ്ങലുക,ളൊളിവിതറി-
യുവാവ് : വിതറി നവവിഭവശതം
വിഷുവ ശ്രീയണയുമ്പോൾ
യുവതി : അണയുമ്പോൾ, കവിമാതേ,
കണികാണാൻ തുയിലുണരൂ!
യുവാവ് : വൃഷഭയുതൻ, വിഷരഹിതൻ
കൃഷകൻ തൻ ജീവജലം-

യുവതി : ജീവജലം പെയ്തണയും
ജീമൂതം തഴകെട്ടി-
യുവാവ് : തഴകെട്ടി, മഴകിട്ടി-
ത്തരുനിരയിൽ ത്തളിർപൊട്ടി
യുവതി : പൊട്ടിപ്പോയ് കവിമാതേ,
പട്ടിണി-നീ ത്തുയിലുണരൂ!
യുവാവ് : പോളപൊളിഞ്ഞിതളഴിയും
പൊൻകൈതപ്പൂങ്കുലപോൽ
യുവതി : പൂങ്കുലപോൽ, തേൻ കനിയും
മാങ്കനിപോൽ, മിഥുനമനം-
യുവാവ് : മിഥുനമനം വിടരാനും
മധുരമധു പകരാനും-
യുവതി : പകരുമുഷസ്സുഷമയിൽ നീ
തുയിലുണരൂ, കവിമാതേ!
യുവാവ് : മുനികൾക്കും മുനിയായി
മണിരത്നഖനിയായി-
യുവതി : ഖനിയായി, ദ്ധനതത്വ
പ്രണവത്തിന്നുയിരേകി
യുവാവ് : ഉയിരേകി, ത്തൊഴിലുകളി-
ലുണർവരുളി കാറള്മാർക്സ്!
യുവതി : മാർക്സിനെ നീ കവിമാതേ,
മാനിക്കാൻ തുയിലുണരൂ!
യുവാവ് : അലസതയറ്റവശതയ-
റ്റഴിമതിയറ്റാനന്ദം-
യുവതി : ആനന്ദപ്പൂലരി പൊടി-
ച്ചണയുകയായ് നവലോകം!
യുവാവ് : നവലോകം കണികാണാൻ
നയനങ്ങളൊളിനുകരാൻ,
യുവതി : നുകരുക നീ സുകൃതമിനി-
ത്തുയലുണരൂ, കവിമാതേ!
യുവാവ് : കനലൊളിയും കതിരുകളും
കനകപ്പൂ മാരികളും
യുവതി : മാരിമണിവില്ലുവിരി-

ഞ്ഞൂറിവരും മഞ്ജിമയും-
യുവാവ് : മഞ്ജിമയും കൂട്ടട്ടേ,
മന്നഖിലം പാടട്ടേ!....
യുവതി : പാട്ടുന്നേൻ, തുയിലുണരൂ,
പരിപൂതേ, കവിമാതേ! 20-10-1946

ഞാനും വന്നു ജഗത്തി, ലെന്തിനെവിടു-
ന്നെങ്ങോട്ടു?-കഷ്ടം വൃഥാ
ഞാനും വന്നു ജഗത്തിലെന്നു വരുമോ
മജ്ജീവിതം ശൂന്യമോ?
ഗാനാലാപനലോലമാം ഹൃദയമേ,
നീ നല്ലപോൽ നോക്കു, നീ
കാണും കാഴ്ച യഥാർത്ഥമോ, കപടമോ,
വിഭ്രാന്തിയോ മായയോ?å7-12-1946

ഒരു മഹാമരമണ്ടൻ ചവറുകൾ ചിക്കുമ്പോൾ
കരഗതമാകുന്നു നിധികലശം;
ഒരു മഹാകവി, യെന്നാ,ലുമിനീരിനുകൂടിയു-
മൊരുവഴിയും കാണാതെ വിറങ്ങലിപ്പൂ!. . . 20-2-1946

## മനസ്വിനി

മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ
മഞ്ജിമ വിടരും പുലർകാലേ,
നിന്നൂലളിതേ, നീയെന്മുന്നിൽ
നിർവൃതി തൻ പൊൻകതിർപോലെ!

ദേവ നികേത ഹിരണ്മയമകുടം
മേവി ദൂരെ ദ്യുതിവിതറി
പൊന്നിൻ കൊടിമരമുകളിൽ ശബളിത-
സന്നോജ്ജ്വലമൊരു കൊടി പാറി!

നീലാരണ്യ നിചോള നിവേഷ്ടിത-
നിഹാരാർദ്രമഹാദ്രികളിൽ,
കാല്യലസജ്ജല കന്യക കനക-
ക്കതിരുകൾകൊണ്ടൊരു കണിവെയ്ക്കേ
കതിരുതിരുകിലുമദൃശ്യ ശരീരകൾ.
കാമദ കാനന ദേവതകൾ
കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകളമിളകീ കാടുകളിൽ!
മഞ്ജല മാഞ്ഞിളവെയ്യിലൊളിയിൽ,ദല-
മർമ്മരമൊഴുകീ മരനിരയിൽ

ഈറൻ തുകിലിൽ മറഞ്ഞൊരു പൊന്നല
പാറി മിന്നങ്ങിയ തവഗാത്രം.
മിത്ഥ്യാവലയിത സത്യോപമരുചി
തത്തി ലസിച്ചൂ മമ മുന്നിൽ!
ദേവദയാമയ മലയജശകലം
താവിയ നിൻ കുളിർനിടിലത്തിൽ.
കരിവരിവണ്ടിൻ നിരകൾ കണക്കെ-
ക്കാണായ്പ്പുരിചൊട്ടു കുറുനിരകൾ!
സത്വഗുണശ്രീ ചെന്താമര മലർ
സസ്മിതമഴകിൽ വിടർത്തിയപോൽ,
ചടുലോൽപല ദളയുഗളം ചൂടി-

ചന്ദ്രിക പെയ്തു നിൻവദനം!

ഒറ്റപ്പത്തിയോടായിരമുടലുകൾ
ചുറ്റുപിണഞ്ഞൊരു മണിനാഗം
ചന്ദനലതയിലധോമുഖശയനം
ചന്തമൊടിങ്ങനെ ചെയ്യുമ്പോൾ,
വിലസീ, വിമലേ ചെറിയൊരു പനിനീ-
രലർ ചൂടിയ നിൻ ചികുരഭരം!
ഗാനം പോൽ, ഗുണകാവ്യം പോൽ മമ
മാനസമോർത്തു സഖി നിന്നെ....

തുടുതുടെയൊരു ചെറു കവിത വിടർന്നു
തുഷ്ടിതുടിക്കും മമ ഹൃത്തിൽ!
ചൊകചൊകയൊരു ചെറുകവിത വിടർന്നൂ
ചോരതുളുമ്പിയ മമ ഹൃത്തിൽ!

മലരൊളി തിരളും മധുചന്ദ്രികയിൽ
മഴവിൽക്കൊടിയുടെ മുനമുക്കി,
എഴുതാനുഴറീ കൽപന ദിവ്യമൊ-
രഴകിനെ, എന്നെ മറന്നൂ ഞാൻ!
മധുരസ്വപ്ന ശതാവലി പൂത്തൊരു
മായാലോകത്തെത്തീ ഞാൻ!
അദ്വൈതാമല ഭാവസ്പന്ദിത-
വിദ്യുന്മേഖല പൂകീ ഞാൻ!....

രംഗം മാറി-കാലം പോയീ,
ഭംഗംവന്നൂ ഭാഗ്യത്തിൽ
കൊടിയവസൂരിയിലുഗ്രവിരൂപത
കോമരമാടീ നിന്നുടലിൽ.

കോമളരൂപിണി, ശാലിനി, നീയൊരു
കോലം കെട്ടിയമട്ടായി.
മുകിലൊളിമാഞ്ഞൂ, മുടികൾ കൊഴിഞ്ഞൂ

മുഖമതി വികൃതകലാവൃതമായ്,
പൊന്നൊളി പോയീ കാളിമയായി;
നിന്നുടൽവെറുമൊരു തൊണ്ടായീ.
കാണാൻ കഴിയാ-കണ്ണുകൾ പോയീ;
കാതുകൾ പോയീ കേൾക്കാനും!

നവനീതത്തിനു നാണമണയ്ക്കും
നവതനുലതതൻ മൃദുലതയെ,
കഠിനം!- ചീന്തിയെറിഞ്ഞാരടിമുടി
കടുതലരാകിന വടുനിരകൾ!

ജാതകദോഷം വന്നെന്തിന്നെൻ
ജായാപദവി വരിച്ചൂ നീ?
പലപലരമണികൾ വന്നൂ, വന്നവർ
പണമെന്നോതി-നടുങ്ങീ ഞാൻ.
പലപലകമനികൾ വന്നൂ, വന്നവർ
പദവികൾ വാഴ്ത്തീ- നടുങ്ങീ ഞാൻ
കിന്നരകന്യകപോലെ ചിരിച്ചെൻ-
മുന്നിൽ വിളങ്ങിയ നീ മാത്രം,
എന്നോടരുളി: "യെനിക്കവിടുത്തെ-
പ്പൊന്നോടക്കുഴൽ മതിയല്ലോ!....
നിന്നുടെ പുല്ലാങ്കുഴലിതെനിക്കോരു
പൊന്നോടക്കുഴലാണല്ലോ!. ...."

പുളകമണിഞ്ഞിട്ടുടനടി ഞാനൊരു
പുതുലോകത്തിലെ യുവ നൃപനായ്.
ഇന്നോ ഞാനാ നാടുഭരിക്കും
മന്നവനല്ലോ, മമനാഥേ!
നീയോനിഹതേ, നീയോ?-നിത്യം
നീറുകയാണയി മമ ഹൃദയം.
കണ്ണുകളില്ല, കാതുകളില്ല-
തിണ്ണയിൽ ഞാൻ കാൽ കുത്തുമ്പോൾ,
എങ്ങനെ പക്ഷേ വിരിപ്പൂ ചുണ്ടിൽ

ഭംഗിയിണങ്ങിയ പുഞ്ചിരികൾ?
അന്ധതകൊണ്ടും ഭവനം സേവന-
ബന്ധുരമാക്കും പൊൻതിരികൾ?
അപ്പൊൻതിരികൾ പൊഴിഞ്ഞു വെളിച്ചം;
തപ്പുന്നോ പിന്നിരുളിതിൽ ഞാൻ?...
ദുർവ്വാസനകളിടയ്ക്കിടെയെത്തി-
സർവ്വകരുത്തുമെടുക്കുകിലും,
അടിയറവരുളുകയാണവയെന്നോ-
ടൊട്ടുവിൽ-ശക്തിതരുന്നൂ നീ!
പ്രതിഷേധസ്വര മറിയാതെഴുമ-
പ്രതിമഗുണാർദ്ര മനസ്വിനി നീ
എങ്കിലുമേതോ വിഷമ വിഷാദം
തങ്ങുവതില്ലേ നിൻകരളിൽ?
ഭാവവ്യാപക ശക്തി നശിച്ചോ-
രാവദനത്തിൻ ചുളിവുകളിൽ
ചില ചില നിമിഷം പായാറില്ലേ
ചിന്ത വിരട്ടിയ വീർപ്പലകൾ?
നിൻകവി,ളമലേ, നനയുന്നില്ലേ
നീ കുടികൊള്ളും വിജനതയിൽ?
കൊട്ടുകാറ്റലറിപ്പേമഴ പെയ്തിട്ടു-
മിടവപ്പാതി പ്പാതിരയിൽ
ശാരദ രജനിയിലെന്നതുപോൽ, നീ
ശാലിനി, നിദ്രയിലമരുമ്പോൾ.
അകലത്തറിയാത്തലയാഴികൾത-
ന്നകഗുഹകളിൽ നിന്നൊരു നിനദം,
പരുകിപ്പെരുകി വരുമ്പോലെന്തോ
സിരകളെയൊരു വിറയറിയിക്കേ.
കാട്ടാളൻ കണയെയ്തൊരു പൈങ്കിളി
കാതരമായിപ്പിടയുമ്പോൽ,
പിടയാറില്ലേ നിൻഹതചേതന
പിടികിട്ടാത്തൊരു വേദനയിൽ?....

വർണ്ണം, നിഴലു, വെളിച്ചം, നാദം

വന്നെത്താത്തൊരു തവ ലോകം
അട്ടിയി,ലട്ടിയി,ലിരുളിരുളിൻമേൽ
കട്ടപിടിച്ചൊരു പാതാളം!
ഇല്ലൊരു തൈജസകീടം കൂടിയു-
മെല്ലാ,മിരുളാണിരുൾ മാത്രം!
മമതയിലങ്ങനെ നിന്നരികേ ഞാൻ
മരുവും വേളയി,ലൊരുപക്ഷേ,
നീലനിലാവിലെ വനമേഖലപോൽ
നിഴലുകളാടാമവിടത്തിൽ!
തെല്ലിടമാത്രം-പിന്നീടെല്ലാ-
മല്ലാ,ണെന്തൊരു ഹതഭാഗ്യം!
നിൻ കഥയോർത്തോർത്തെൻ കരളുരുകി-
സ്സങ്കൽപത്തിൽ വിലയിക്കേ,
ഏതോനിർവൃതിയിക്കിളികൂട്ടി
ചേതനയണിവൂ പുളകങ്ങൾ!
വേദന, വേദന, ലഹരിപിടിക്കും
വേദന-ഞാനിതിൽ മുഴുകട്ടേ!
മുഴുകട്ടേ, മമ ജീവനിൽ നിന്നൊരു
മുരളീ മൂദൂരവമൊഴുകട്ടേ.

എന്നെപ്പോലുമെനിക്കു നേർവഴി നയി
ക്കാനൊട്ടുമാകാത്ത ഞാ-
നന്യന്മാരെ നയിച്ചു നായകപദ-
പ്രാപ്തിക്കു ദാഹിക്കയോ?
കന്നത്തത്തിനുമുണ്ടു മന്നിലതിരെ-
ന്നോർക്കാതെ തുള്ളുന്നു ഞാ-
നെന്നെത്തന്നെ മറന്നു; കല്ലുകളെറി-
ഞ്ഞെൻ കാലൊടിക്കു, വിധേ!

വേദം, നാലും നരച്ചു, നരനിനിയുമഹോ,
കിട്ടിയില്ലുഷ്ടി, വേർത്തു
വേദാന്തം വീശി നേരിൽ വിശരി, മണലിലോ
കട്ടകെട്ടുന്നു രക്തം;

സ്വാതന്ത്ര്യം, ഹാ, സമത്വം, സഹജ സഹജമാം
സൌഹൃതം, ശാന്തി, സർവ്വം
നാദം, നാദം ഭ്രമിയ്ക്കായ്ക്കണിയറയിലോ
തോക്കു തീർക്കും തിടുക്കം.

28-12-1944

## ആരാമത്തിലെ ചിന്തകൾ

ആകർഷകോജ്ജ്വല സൌരഭ സൌഭഗ-
മാകെമാഞ്ഞീടുകിൽപ്പിന്നെ,
ആരെത്തിനോക്കമൊന്നാവേശപൂർവ്വമ-
ന്നാരാമസൂനമേ, നിന്നെ?
ഏറെനാളേറെനാൽ നീണ്ടു നിൽക്കുന്നത-
ല്ലീരമ്യ വാസന്തഹാസം.
ശ്രീയുതചഞ്ചലൽപ്പത്രം വിരിച്ചതു
പോയിക്കഴിഞ്ഞതിൻശേഷം,
മാടിവിളിക്കിലുമെത്തില്ലരികിലാ
മായാസുഷമാവിശേഷം.
കഷ്ട,മപൂർണ്ണതകൊണ്ടെന്തിനിങ്ങനെ
കെട്ടിപ്പടുത്തതീ ലോകം?
തൊട്ടുപോയാൽമതി കാലമാക്കൈകൊണ്ടു
പൊട്ടിത്തകർന്നതു വീഴാൻ,
നാമാരു?-നാളേക്കു നാമ്പറ്റടിയേണ്ട
നാലഞ്ചു നെല്ലോല മാത്രം!
ഇല്ല, ഞാനയേ്യാ, തുടർന്നീടുകില്ലെന്റെ
പല്ലവി ഞാനിങ്ങു നിർത്താം.
വേദന തോന്നും മനസ്സിനിമ്മട്ടെഴും
വേദാന്ത ചിന്തയ്ക്കു പോയാൽ
അത്രയ്ക്കു പൂർണ്ണവും ശൂന്യവുമാകിലെ-
ന്തെത്ര മധുരമീ ലോകം!
ആരും കൊതിക്കുമാറാകർഷകാഭമാ-
യാരാമമേ, നീ ചിരിപ്പൂ!
ഏകാന്തഹൃത്തിൽ നീ ഗൂഢമായ്ലാളിച്ച
മൂകാഭിലാഷങ്ങൾപോലെ,
മിന്നിവിടർന്നൊളി ചിന്നി നിലയ്ക്കുന്നിതെൻ
മുന്നിൽ പല പല പൂക്കൾ.
ഇങ്ങുവന്നിട്ടൊരു പാട്ടൊന്നു പാടിടാ-
തെങ്ങനെ പൂങ്കുയിൽ പോകും?
സ്വപ്നസമാനമൊരോമൽ പരിമളം
സ്വർഗ്ഗം രചിപ്പതോ ചുറ്റും

ശാന്തി,സമസ്തവും ശാന്തി-കിഴക്കതാ
പൂന്തിങ്കൾ പൊങ്ങിത്തുടങ്ങി.
കാലടിവെച്ചുവെച്ചന്തിച്ചുകപ്പതാ
ചേലിലകലുകയായി.
പുഷ്പിതമായിക്കഴിഞ്ഞിതെൻ ചിത്തവും
പുഷ്കലവ്യോമവുമൊപ്പം.
മുന്നിൽ നിലാവും നിഴലുമിടതിങ്ങി
മിന്നുകയാണി പ്രപഞ്ചം
മന്ദമാ മഞ്ഞും നിലാവിന്റെ നെറ്റിയിൽ
ചന്ദനം ചാർത്തുവാനെത്തി.
സുന്ദരം, സുന്ദരം, സ്വർഗ്ഗസമൃദ്ധിതൻ
മന്ദിരം തന്നെയീ ലോകം!
ഇത്രയും കാലമിതോർക്കാതെയെന്തിനു
തപ്തബാഷ്പത്തിൽ ഞാൻ മുങ്ങി?
നൊന്തുനൊന്തങ്ങനെ തപ്പിത്തടഞ്ഞു ഞാ-
നെന്തിനിക്കെന്നിട്ടു കിട്ടി?-
ചേലറ്റു ചേറിൽപ്പുതഞ്ഞുള്ളതാം വെറും
നാലഞ്ചു ചിപ്പികൾ മാത്രം!
കോടിക്കണക്കിനു രക്തനങ്ങൾ നിന്നതാ
മാടിവിളിക്കയാണെന്നെ.
തുള്ളിത്തുളുമ്പും കുളുർമയാൽപ്പുൽകുന്നു,
വെള്ളിനീരാഴി വന്നെന്നെ.
അല്ല, സംതൃപ്ത,ല്ലഗനൈരാശ്യമേ,
വെല്ലുവിളിപ്പൂ ഞാൻ നിന്നെ.
ഉള്ളലിവില്ലാതസൂയയാ,ലെൻ മുന്നിൽ
മുക്ക്കുവിതയ്ക്കും ജഗത്തേ,
പാടില്ലൊരിക്കലും നീയുണർന്നീടുവാൻ
പാടില്ല, യെന്നുള്ളമട്ടിൽ
മിത്ഥ്യാപവാദങ്ങൾ കൊണ്ടെന്റെ മസ്തകം
തച്ചുതകർക്കും ജഗത്തേ,
നർമ്മ സഖാക്കളായൊന്നിച്ചിതുവരെ-
ത്തമ്മിൽ കഴിഞ്ഞവർപോലും
ബദ്ധശത്രുക്കളെപ്പോൽ പെരുമാറുമാ-

രത്തു ദൂഷിച്ച ജഗത്തേ.
ആത്മാർത്ഥതയുമായ് ഞാനടുത്തീടുമ്പോ-
ളാത്മാവെരിക്കും ജഗത്തേ;-
ഇല്ല, വിടില്ലൊരു കൈയൊന്നു നോക്കാതെ-
വെല്ലുവിളിപ്പൂ ഞാൻ നിന്നെ!
നിന്നപവാദ ശരങ്ങൾകൊണ്ടെന്നെ നീ
നിന്ദിതനാക്കുവാൻ നോക്കു;
നിന്നഖിലോൽക്കട ശക്തിയുമൊത്തിയ
ന്നെന്നെച്ചവിട്ടി നീ താഴ്ത്തു!
സഞ്ജനിതോന്മദം നിന്മീതെയപ്പോഴു-
മെൻ ജയപ്പൊൻകൊടി പാറും!
ജാതനായ്ത്തീർന്നതു ഞാനിരുൾ മൂടിയ
പാതാളഗർത്തത്തിലാകാം;
എങ്കിലും മേലോട്ടുയർന്നു ഞാൻ താരക-
പ്പൊങ്കതിർപ്പൂക്കളെപ്പുൽകും!
ഓമൽസ്സഖാക്കളേ, നിങ്ങളോടു കനി-
ഞ്ഞോതാനെനിക്കുണ്ടൊരൽപം,
നിർദ്ദയം, കഷ്ടം,വികൃതപ്പെടുത്തിയെൻ
നിസ്വാർത്ഥ സേവനം നിങ്ങൾ.
എങ്കിലും നിങ്ങൾക്കുമാവുകില്ലായതിൻ
തങ്കപ്രകാശം മറയ്ക്കാൻ.
നാനാപവാദങ്ങൾ നിങ്ങൾ ചൊരിഞ്ഞവ
നാളത്തെ ലോകം മറക്കും;
ഇന്നീ ജയമാല ചാർത്തിനിൽക്കും നിങ്ങ-
ളൊന്നോടെ വിസ്മൃതരാകും.
കൽപാന്തമാവോളമെന്മന സ്പന്ദന-
സ്വപ്നങ്ങൾ മൊട്ടിട്ടു നിൽക്കും.
സത്യം ചൊരിയും വെളിച്ചത്തിൽ ഞാനൊരു
നിത്യ പ്രചോദനമാകും
മാമക നാമത്തിൽ നിങ്ങൾ വീശിടുമീ
മാറാലയൊക്കെയും മാറും
കാലം കരാംഗുലിയാലിഴക്കെട്ടുകൾ
ചേലിലൊന്നൊന്നായി മാറ്റും!

മാമക യാഥാർത്ഥ്യ, മമ്മട്ടനപമ-
മാണിക്യരശ്മികൾ വീശും.
അല്ലലില്ലിന്നെനിക്കാകയാൽ-തോഴരേ,
വല്ലാത്തവിഢ്ഢികൾ നിങ്ങൾ!
തെല്ലുമേ ഗർവില്ല, നകമ്പയാണെനി-
ക്കുള്ളതു, നിങ്ങളോടിന്നും!
ഇസ്സമരത്തി,ലൊടുവിൽ, ജയലക്ഷ്മി
മത്സമീപത്തു വന്നെത്തി,
മന്ദാരമാല്യമെൻ കണ്ഠത്തിൽച്ചാർത്തുമ്പോൾ
മന്ദഹസിക്കണേ നിങ്ങൾ!....

## തപ്തപ്രതിജ്ഞ

ഓർക്കുമ്പോഴേയ്ക്കും ഹൃദയം തകർന്നുപോ-
മാക്കഥ മേലിൽ പറഞ്ഞിടൊല്ലേ, സഖീ!
ആവോളം ഞാൻ മറക്കാൻ ശ്രമിക്കയാ-
ണാവിഷാദാത്മക ഭൂതാനുഭൂതികൾ
വായ്ക്കും നിരാശകളിമ്മട്ടൊരായിരം
മേൽക്കുമേലെന്നോടെതിരിട്ടു നിൽക്കിലും
ഉള്ളലിവില്ലാതെ കൊള്ളിവാക്കിന്റെ തീക്കൊ-
ള്ളികൊണ്ടന്യരെന്നുള്ളു പൊള്ളിക്കിലും.
നിസ്തൃപം ഭീരുവെപ്പോലാത്മഹത്യയാൽ
നിശ്ചയം, തോഴീ, വിമുക്തയാകില്ല ഞാൻ!
ജീവിതം നൽകാനുമടിക്കുന്ന തൊക്കെയും
ജീവിച്ചു ജീവിതത്തോട്ടു ഞാൻ വാങ്ങിടും!
ആശാസുമങ്ങൾ കൊഴിഞ്ഞു വീഴുന്നു ക-
ണ്ടാശങ്കവേണ്ടൊട്ടുമെന്നെയോർത്തോർത്തിനി!
ഏവമാണെങ്കിലുമെന്തെന്നു ചോദിക്കി-
ലേതും സമാധനമില്ലെനിക്കെങ്കിലും,
ആവേശകാപ്തങ്ങളാമക്കഥകൾ ത-
ന്നാവർത്തനത്തെ പ്രിയപ്പെടുന്നില്ല ഞാൻ.
അത്രമേലെന്നെപ്പരവശയാക്കുമാ-
റദ്ഭുതശക്തിയൊന്നുണ്ടവയ്ക്കൊക്കെയും
പ്രേമരാജ്യത്തിലെപ്പൂങ്കാവനത്തിലെ
ശ്യാമളശീതളച്ഛായാതലത്തിൽ
പുല്ലാങ്കുഴലും വിളിച്ചിരുന്നങ്ങനെ
സല്ലപിപ്പൂ മർത്ത്യഭാവനാകോടികൾ
ആകാശദേവതമാരാലലംകൃത-
മാകുമദ്ദിക്കിലെക്കൽപകസൌരഭം.
ഒന്നു വീശുമ്പൊഴേയ്ക്കേതല്ലലും മറ-
ന്നൊന്നോടെ കോരിത്തരിക്കുന്നു മാനസം!
അങ്ങോട്ടുനോക്കിച്ചിറകുവിടർത്തുന്നു
ശൃംഗാരസാന്ദ്രമധുര പ്രതീക്ഷകൾ.
എന്നും മധുവിധു മൊട്ടിട്ടുനിൽക്കുന്നു
പുണ്യം വിളയുമാ നിർവാണ വേദിയിൽ.

കണ്ണാടിയിലെ പ്രതിഫലനങ്ങളെ
മുന്നോട്ടണഞ്ഞു കരസ്ഥമാക്കീടുവാൻ
വെമ്പിടും പൈതങ്ങളെന്നപോലെ സ്വർഗ്ഗ-
സമ്പ്രാപ്തി നോക്കി ക്കുതിക്കുകല്ലല്ലി നാം?
വ്യാമോഹമാത്രം പ്രപഞ്ചത്തിലുള്ളൊരി-
പ്രേമപ്രയത്നം വെറും വിഷാദാത്മകം!
പ്രായോഗികത്വപ്പെരുമ്പറകൊട്ടലിൽ,
പ്രാഭവത്തിൻ ജയകാഹളമൂതലിൽ
നായകത്വത്തിൻ കതിന പൊട്ടിക്കലിൽ,
നാണയത്തുട്ടിൻ പടക്കമെറിയലിൽ
കാൽക്ഷണമെങ്ങാൻ പ്രണയമൊരുവെറും
കാട്ടുപുല്ലൂതിയിട്ടാരു ശ്രെനിക്കുവാൻ?...
ലോകപുഷ്പത്തിൻ മരന്ദം മുഴുവനും
ഹാ കുബേരന്മാർക്കു മാത്രമായുള്ളതാം
പാടില്ലതിൽ നിന്നൊരു തുള്ളിയെങ്കിലും
പാവങ്ങളായവർ സ്വാദു നോക്കീടുവാൻ.
നിർവ്വിഘ്നമിസ്സ്വാർത്ഥതയ്ക്കു സുഖിക്കുവാൻ
നിർമ്മിച്ചുവെച്ച നിയമവും നീതിയും!
അതുഗമാകുമപരാധമാണുപോ-
ലൽപമതിങ്കൽ പ്രതിഷേധ സൂചനം
കാരാഗൃഹമാണതിന്നെതിരായ് നിന്നു
കാര്യം പറയുകിൽ കിട്ടും പ്രതിഫലം.
എന്തിനുതോഴീ, ഫലമില്ല, മേൽക്കുമേ
ലന്തരീക്ഷം വിഷസമ്മിശ്രമാകയാം.
എന്തൊക്കെയോ ഞാൻ പുലമ്പി, ശോകാത്മക-
ചിന്തകൾ വന്നെന്നെ വീർപ്പുമുട്ടിക്കയാൽ!
ലോകത്തെയെന്തിന്നു കുറ്റപ്പെടുത്തുന്നു....
പോകട്ടെ തോഴീ തുടരുന്നതില്ല ഞാൻ!
അച്ഛന്റെയീക്കൊച്ചു കായ്കനിത്തോപ്പിലെ
ചെറ്റക്കുടിൽകൊണ്ടു സംതൃപ്തയാണു ഞാൻ.
പങ്കയ്ക്കു കീഴിലെ ശൃംഗാരനിദ്രയിൽ-
പ്പങ്കെടുക്കാമെന്ന നിർല്ലജ്ജവാൻഛിതം
എന്നിൽക്കിളർന്നതല്ലപ്പുമാനോടുഞാ-

നന്യൂനരാഗമിയലുവാൻ കാരണം.
മർത്ത്യനെ മർത്ത്യനെന്നോർത്തൊരു മർത്ത്യന്നു
മജ്ജീവിതം, ഹാ,സമർപ്പണം ചെയ്തു ഞാൻ!
തെറ്റെന്നിലാ,ണതേ,പിന്നെ ഞാനെന്തിനു
കുറ്റപ്പെടുത്തുന്നു ലോകത്തെ നിഷ്ഫലം?
ഇല്ലിനിത്തോഴീ പരിഭവിക്കില്ലൊട്ടു-
മെല്ലാം സഹിക്കാനൊരുങ്ങിക്കഴിഞ്ഞു ഞാൻ.
എന്തുവന്നാലുമതിനൊടെല്ലാമെതിർ-
ത്തെന്നന്തരംഗം നിലയ്ക്കു ഞാൻ നിർത്തിടും.
'എല്ലാം വിധി'യെന്ന ശുഷ്കിച്ച വേദാന്ത-
മല്ലതിന്നായി ഞാൻ കൈക്കൊള്ളുമായുധം.
മൂർച്ചകൂട്ടും ഞാൻ പരിശ്രമം, യുക്തിയിൽ
തേച്ചുതേച്ചെന്നിട്ടതും ചുഴറ്റി സ്വയം,
വെല്ലുവിളിക്കും വിധിയെ, പ്രതീക്ഷതൻ
നല്ലപടച്ചട്ടയിട്ടുനിന്നങ്ങനെ!
ഫുല്ലസൌഭാഗ്യമടുത്തുവരുത്തിടാ,
തില്ലിനിത്തോഴി, യടങ്ങുകയില്ല ഞാൻ! 28-4-1937

ഗാനത്താലവനീപതേ, മധുരമാം
ചെമ്മുന്തിരിച്ചാറിനാ-
ലാനന്ദക്കതിർ വീശിടുന്നു നിയതം
ഹർമ്മ്യാന്തരത്തിൽ ഭവാൻ
ആ നൽച്ചെമ്പനിനീരലർപ്പുതു വികാ-
രത്തിൽപ്പുഴക്കുത്തിയ-
റ്റാനല്ലാതുതകുന്നതില്ലണുവുമെൻ
ദുർവ്വാരഗർവ്വാങ്കുരം! 12-2-1946

ആമട്ടോർക്കുകി,ലാത്മഹർഷകരമാം
തേൻ പൊയ്കയെക്കാളുമാ-
പ്രേമസ്നിഗ്ദ്ധ ഹൃദന്തയായി വിലസും
മൈക്കണ്ണിയേക്കാട്ടിലും
ആമോദപ്രദമാണു പൂവനികയും,
ത്തുമുന്തിരിച്ചാറു, മ-

സ്സീമാതീതലയാന്വരഞ്ജിതലസദ്-
വീണാനിനാദങ്ങളും. 15-2-1946

## മയക്കത്തിൽ

അർദ്ധനഗ്നോജ്ജ്വലാംഗികളാകു-
മബ്ധി കന്യകളല്ലയോ നിങ്ങൾ?
ശബ്ദവീചീശതങ്ങളിൽത്തത്തി
നൃത്തമാടും മദാലസമാരേ,
അർദ്ധസുപ്തിയിലാടിക്കുഴഞ്ഞി-
ങ്ങെത്തിനിൽപിതോ നിങ്ങളെൻ മുന്നിൽ!
മഞ്ഞിൽ നീന്തും മൃദുശശിലേഖാ,
മഞ്ജിമതൻ കനകശലാകാ,
ശിഞ്ജിതോന്മുഖനൂപുരരേഖാ,
'ഞ്ജ' നിൽപൂ വിലാസപതാക!
മിന്നിടുമുഷപ്പൊങ്കതിർനൂലി-
ലൊന്നിൽ വെൺനര തത്തിയിണങ്ങി
പിന്നിലെല്ലാമിരുളൂർന്നു ചിന്നി
നിന്നിടും മായാ മാലികപോലെ;
പാലൊളിപ്പൂനിലവിൽ മയങ്ങും
പാതിരാപ്പൂവിൻ പുഞ്ചിരിപോലെ;
വന്നു,വാതിൽ മറഞ്ഞമൃതാംഗി
'ന്ദ' നിൽക്കുന്നു നാണം കുണുങ്ങി!
സ്വർഗ്ഗ ലോകത്തിലേതോ മദത്തിൻ
സ്വപ്നമൊന്നുടലാർന്നതുപോലെ,
മഗളത്തിൻ കളിച്ചെണ്ടുമേന്തി
'ങ്ങ്ഗ' നിൽപൂ കവചിത കാന്തി!
മണ്ഡിതോദ്ദുൽപ്പുളക പ്രസന്ന
'ണ്ഡ' നിൽപൂ കലാജലകന്യ!
ചുംബനത്തിനു ചുണ്ടു വിടർത്തി
'മ്ബ' നിൽപൂ തരളത ചാർത്തി!
പുഞ്ചിരിക്കൊണ്ടു പിന്നിലായ് നിൽപു-
ണ്ടഞ്ചുപേരവർക്കാളിമാരായി!....
എന്തു നൃത്തം, നടത്തുകയാണോ,
സുന്ദരികളേ, നിങ്ങളെൻ മുന്നിൽ?
ഒറ്റമാത്രയ്ക്കകത്തഹോ നിങ്ങൾ
മറ്റൊരു ലോകമാരചിച്ചല്ലോ!

ആയിരമിളവെയ്ലലയാടി.
മായാനീല നിഴലുകൾ വീശി,
കാണവാൻകഴിയാത്തോരസംഖ്യം
വീണയൊന്നിച്ചിണക്കമായ് പാടി,
മാത്രതോറും പരിമളമെത്തി
വീർപ്പിട്ടുമൊരു പൂന്തെന്നൽ തത്തി,
നാവിലൂടൊരമൃതമാധുര്യം
ജീവനിലേയ്ക്കലിഞ്ഞലിഞ്ഞൂറി;
ഹാ,തുറന്നിട്ടതെൻ മുന്നിൽ നിങ്ങ-
ളേതലോകവിലാസ പ്രപഞ്ചം!
എന്റെ ലോകം-നശിച്ചോരീലോകം-
എന്തിനാണെനിക്കീ വിഷലോകം?
പ്രേതമാണിതു ജീവനില്ലയേ്യാ
ഭീതിയാണെനിക്കിങ്ങേറെ നിൽക്കാൻ
നിങ്ങൾ പോകുമ്പോഴൊപ്പം പറക്കും,
ഭംഗിയുള്ളൊരസ്വപ്ന പ്രപഞ്ചം
ശബ്ദനാമെനിക്കുത്സവമേകും
ശബ്ദസാഗരകന്യകമാരേ,
എന്നെയുമൊന്നു നിങ്ങൾതൻ പിമ്പേ
വന്നിടാൻ സമ്മതിക്കുമോ നിങ്ങൾ?....
ഞെട്ടി ഞാൻ കൺതുറന്നു വെറും മൺ-
കട്ട ഞാനെന്റെ ലോകവും മണ്ണ്!
മിഥ്യ മേന്മേൽ പകർന്നു പകർന്ന്
മദ്യപിച്ചിടുന്ന പേമണ്ണ്!
ചെന്നിണത്തിൽക്കുതിർന്നു കുതിർന്ന്
ദുർന്നയങ്ങൾ മുളയ്ക്കുന്ന മണ്ണ്!
കഷ്ട, മീ മണ്ണിലെന്നാണൊരൈക്യ-
കൽപകവൃക്ഷം മുളയ്ക്കുന്നതാവോ!
എങ്ങുപോയ് നിങ്ങളെൻ ചുറ്റുപാടും
തിങ്ങി നിൽപ്പൂ പരുഷാക്ഷരങ്ങൾ,
അബ്ധികന്യകളല, ഭൂതങ്ങൾ,
അസ്ഥിമാല ധരിച്ച സത്വങ്ങൾ!
ഞാനുറക്കെക്കരഞ്ഞിടും-അയ്യോ!

പ്രാണനിലല്ലാ, നിങ്ങളുണ്ടെന്നോ?.... 19-7-1946

കാലം ദേശമിവയ്ക്കകത്തണുവുമി-
ന്നൂനം പെടാതൊക്കെയും
ചേലിൽ ചേർത്തു ഭരിക്കുവാൻ നരപതേ
മോഹിച്ചിടുന്നൂ ഭവാൻ.
ഈലോകത്തൊരുമട്ടു ജീവിതമഹാ
ഭാരം വഹിക്കുന്നതി
ന്നാലോചിച്ചിടുകെത്രമാത്രമഴലെ-
ന്നാലും സഹിച്ചീടണം! 15-2-1946

എന്നാൽ, പോകുംവഴി വേറെയെന്തു? നൃപതേ
വേണ്ടാ വിഷാദം, ഭവാൻ
വന്നാലും,പ്രണയാത്മകം മമ മതം
കൈക്കൊള്ളുകെന്തും ശുഭം.
ഇന്നോളം പ്രണയം കുടിച്ചു മദമുൾ-
ച്ചേർന്നോൻ ഗണിപ്പീല ഞാ-
നിന്നീമേദിനിയേയുമൊട്ടുമവൾ തൻ
മായാവിലാസത്തെയും! 15-2-1946

## സങ്കല്പകാമുകൻ

പൊന്നിൽക്കുളിച്ചവൾ നിൽക്കുകയാണൊരു
മഞ്ഞക്കണിക്കൊന്ന പൂത്തപോലെ,
ആലോല ലോചന നീലോൽപ്പലദള-
മാലയെനിക്കെറിഞ്ഞേകിയാലും!
ഇല്ല, നീയെന്നെയറിയുകില്ല, നാ-
മിന്നോളം കണ്ടിട്ടില്ലോമലാളേ!

എന്നാലുമെന്നെപ്പറഞ്ഞാലറിയും നീ;
നിന്നെയെനിക്കും ശരിക്കറിയാം.
അന്യോന്യമത്ര പരിചയമുള്ള നാ-
മന്യരാണെന്നിട്ടും മന്നിലിന്നും!
ആഗമിച്ചിട്ടുണ്ടെൻ സങ്കൽപ്പ ഭ്രൂവിൽ, നി-
ന്നാകാരമാധുരിയേറെ നാളിൽ.
എത്തിയിട്ടുണ്ടാകാമാവിധം ഞാനും നിൻ-
സ്വപ്നശതത്തിൽ സുഷമ വീശി,
ഉദ്രസം നിൻ കാൽച്ചിലമ്പൊലി കേട്ടു ഞാ-
നെത്രയോ വട്ടം തിരിഞ്ഞു നോക്കി!
കഷ്ടം തടിൽക്കൊടിപോൽ പിടഞ്ഞപ്പൊഴ
തൊക്കെ നീയെങ്ങോ പറന്നൊളിച്ചു.
ആഞ്ഞു മുന്നോട്ടുടനാവേഗമാർന്നു ഞാൻ
പാഞ്ഞുപോം നിൻ നിഴൽ പിന്തുടരാൻ
ഒക്കാതതിനെനിക്കുഗ നിരാശയാ-
ലുൾക്കാമ്പു മങ്ങി ഞാൻ പിന്മടങ്ങി.
നിന്നു, നീ പോയിട്ടു,മെന്മണിപ്പൂമച്ചിൽ
നിൻ നെടുവീർപ്പിൽ സുഗന്ധലേശം
ഏകാന്തതയിലതേറ്റാസ്വദിച്ചു ഞാൻ
ലോകത്തെപ്പോലും മറന്നിരുന്നു
സ്വർഗ്ഗത്തിൽ നിന്നുമെൻ മുന്നിലൊരായിരം
സ്വപ്നചിത്രങ്ങളടർന്നുവീണു.
ഞാനവയോരോന്നുമുമ്മവെച്ചുമ്മവെ-
ച്ചാനന്ദമൂർച്ഛയെസ്സൽക്കരിച്ചു
നിന്നോമൽത്തങ്കത്തരിവളച്ചാർത്തുകൾ

ചിന്നിയ മംഗള ശിഞ്ജിതങ്ങൾ
സംക്രമിപ്പിച്ചിതെൻ നിർജ്ജന നിദ്രയിൽ
സംഗീത സാന്ദ്രതരംഗങ്ങൾ!
തങ്കനക്ഷത്രമേ, വെൺകതിർ വീശിയെൻ
സങ്കൽപ്പസീമയിൽ നീയുദിക്കേ,
ചിന്തിച്ചിരിക്കാതരഞ്ഞൊടിക്കുള്ളിലെൻ
ചിന്തകൾക്കൊക്കെച്ചിറകു കിട്ടി.
എന്തൊരാശ്ചര്യമോ,ഞാനറിയാതുടൻ
നൊന്ത മച്ചിത്തം ചിരിച്ചുപോയി
അന്യൂനമോദമാർന്നങ്ങനെ നിന്നെ ഞാൻ
വർണ്ണിച്ചു വർണ്ണിച്ചു പാട്ടുപാടി.
നീ മേവും നീലനികുഞ്ജത്തിലെത്തിമൽ-
പ്രേമാർദ്രഗാനങ്ങളാകമാനം
എത്തുമവയിൽ മുറിപ്പെട്ടതാമൊരു
ചിത്തം കിടന്നു പിടഞ്ഞിരുന്നു.
അക്കാഴ്ച കണ്ടുനിന്നക്ഷിപുടങ്ങളി-
ലശ്രുകണങ്ങൾ പൊടിഞ്ഞിരുന്നു.
നാളുകളോരോന്നും നിന്മുന്നിൽ വന്നൊരു
നായികയാക്കുവാൻ നോക്കിനിന്നെ.
അപ്പരമാർത്ഥമറിഞ്ഞതില്ലെങ്കിലും
സ്വപ്നം ചിലതു നീയോമനിച്ചു.
എന്തി,നവസാനമെന്തിനെന്നില്ലാതെ
നൊന്തുതുടങ്ങി നിന്മാനസവും
മാച്ചിട്ടും മാച്ചിട്ടും മാഞ്ഞില്ലമച്ചിത്രം
മാർദ്ദവമുള്ള നിൻ മാനസത്തിൽ.
ഏതോ വിരഹക്കരിന്തേൾ കടിച്ചു നിൻ
ചേതന നിത്യം പുളഞ്ഞു നീറി!
ഇല്ല, ഞാനാരെന്നു നിന്നോടു ചൊല്ലുക-
യില്ല ഞാനെന്നെ മറച്ചു നിർത്തും
ഞാനാരെന്നോതുന്നമാത്രയിൽത്തന്നെ നിൻ
മാനസമിന്നു മൊട്ടിട്ടുപോകും.
മംഗളാനന്ദ മരന്ദം തുളുമ്പിയും
ശൃംഗാര സൌരഭം നിർഗ്ഗളിച്ചും

ചിത്തം കവർന്നിടുമപ്പൂക്ക,ളെന്നാലു
മെത്രനാളൊന്നവയുല്ലസിയ്ക്കും?
നിത്യ പരിചയച്ചൂടിലതോരോന്നായ്
നിഷ്ഫലം ഞെട്ടറ്റു വാടിവീഴും.
എന്നും പുതുമയെപ്പുൽകേണമെങ്കിൽ, നാ
മന്യരായങ്ങിങ്ങിരുന്നിടേണം.
കാണാൻ കൊതിക്കുമക്കൌതുകം കൂടിയും
കാണാൻ കഴിഞ്ഞാൽ കൊഴിഞ്ഞു വീഴും.
എന്നും കൊതിക്കലാണെന്നും ഭജിക്കലാ-
ണെന്നും പ്രതീക്ഷിക്കലാണു സൌഖ്യം.
ഉണ്ടവയ്ക്കുള്ളിലൊരിക്കലും വാടാത്ത
ചെണ്ടിട്ടുനിൽക്കും പരിമളങ്ങൾ!
ലോകത്തിലയേ്യാ,കരഗതമാവുകി-
ല്ലാകാശപുഷ്പവും ശുഷ്കശഷ്പം!
അന്യനായ്ത്തന്നെയതിനാൽ,ഞാനിന്നിപ്പോൾ
നിന്നോടുയാത്രപറഞ്ഞിടട്ടെ
എന്നുമെനിക്കു നിൻ സുന്ദരസങ്കൽപ്പ
വൃന്ദാവനക്കുളിർപ്പൂന്തണലിൽ,
കാണാൻ കൊതിക്കുന്ന, കാണാൻ കഴിയാത്ത,
വേണുഗാപാലനായ് വാണിടേണം.
ഹാ,നിനക്കെന്നാലിതുവിധമെന്നെന്നും
ഞാനൊരു ഗന്ധർവ്വനായിരിക്കും;
എന്നപോലെന്നെന്നും മാമകധ്യാനത്തിൽ
പൊന്നിൽക്കുളിച്ചു മദാലസയായ്
മഞ്ജുളേ, നീയും ലസിക്കുമിമ്മട്ടൊരു
മഞ്ഞക്കണിക്കൊന്ന പൂത്തപോലെ!
നാമടിഞ്ഞീടുമാമണ്ണിലും കൂടിയൊ-
രോമൽപ്പുളകം തളിർത്തുനിൽക്കും.
കർമ്മബന്ധത്തിനാൽപ്പിന്നെയും പിന്നെയും
നമ്മളൊന്നിയ്ക്കും, പിരിഞ്ഞുപോകും
അന്യോന്യമേവമറിയാതെ നമ്മളാ-
രജ്ഞാതശക്തിതന്നച്ചുതണ്ടിൽ.

പ്രേമം പ്രദക്ഷിണം വെച്ചുല്ലസിച്ചിടും
ഭൂമിയും വാനവുമുള്ളകാലം
കാമദകോമളേ, പോയ് വരട്ടിന്നു നിൻ
കാണാത്ത കാമുകൻ, കാവ്യലോലൻ!.... 28-5-1938

ചാരായക്കടയാണു ലോകമെവിടെ-
ക്കോലാഹലം, സൌഹൃദം
ചോരും തേന്മൊഴി,മൈത്രിയാത്മകഥനം,
വേദാന്തമായോധനം
ഓരോദ്ധ്രാം സുഖതൃഷ്ണ,യക്കനിയാം
പൂവൻപഴം മിത്ഥ്യത-
ന്നോരോ നോട്ടുകൾ-എന്തിനെന്നെയിവിടേ-
ക്കെത്തിച്ചു ഹാ,നീ വിധേ....19-1-1946

ഏഴാം സ്വർഗ്ഗം വിടർന്നു തവ കടമിഴിയിൽ-
ക്കൂടിയെന്നല്ല ഞാനാം
പാഴാം പുൽത്തണ്ടിൽ നിന്നും പല പല മധുര
സ്വപ്നഗാനം പടർന്നു;
കേഴാം ഞാൻ നാളെ, വീഴാ, മടിയിലഖിലവും
തേളു ചൂളും തമസ്സിൽ-
ത്താഴാം താഴട്ടെ, കേഴട്ടരികിൽ വരികയേ
ഹൃദ്യമേ, മദ്യമേ നീ! 18-3-1946

## കാവ്യനർത്തകി

കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി,
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി

കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി,
കതിരുതിർപ്പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി;

ഒഴുകുമുടയാടയിലൊളിയലകൾ ചിന്നി
അഴകൊരുടലാർന്നപോലങ്ങനെ മിന്നി;

മതിമോഹനശുഭനർത്തനമാടുന്നയി, മഹിതേ
മമ മുന്നിൽ നിന്നു നീ മലയാളകവിതേ!

ഒരുപകുതി പ്രജ്ഞയിൽ നിഴലും നിലാവും
ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയവാവും

ഇടചേർന്നെൻ ഹൃദയം പുതുപുളകങ്ങൾ ചൂടി
ചുടുനെടുവീർപ്പുകൾക്കിടയിലും കൂടി

അതിധന്യകളുഡുകന്യകൾ മണിവീണകൾ മീട്ടി
അപ്സരരമണികൾ കൈമണികൾ കൊട്ടി

വൃന്ദാവനമുരളീരവപശ്ചാത്തലമൊന്നിൽ
സ്പന്ദിക്കുമാമധുരസ്വരവീചികൾ തന്നിൽ

താളം നിരനിരയായ് നരയിട്ടിട്ടു തങ്ങി
താമരത്താരുകൾപോൽ തത്തീ ലയഭംഗി

സതതസുഖസുലഭതതൻ നിറപറവച്ചു
ഋതുശോഭകൾ നിൻമുന്നിൽ താലം പിടിച്ചു

തങ്കത്തരിവളയിളകി നിൻപിന്നിൽ തരളിതകൾ
സങ്കൽപസുഷമകൾ ചാമരം വീശി

സുരഭിലമൃഗമദതിലകിത ഫാലം
സുമസമ സുലളിത മൃദുലകപോലം
നളിനദല മോഹന നയനവിലാസം
നവകുന്ദസുമസുന്ദര വരമന്ദഹാസം
ഘനനീല വിപിനസമാന സുകേശം
കുനുകുന്തളവലയാങ്കിത കർണ്ണാന്തികദേശം
മണികനക ഭൂഷിത ലളിതഗളനാളം
മമമുന്നിലെന്തൊരു സൌന്ദര്യമേളം
മുനിമാരും നുകരാത്ത സുഖചക്രവാളം
ഉണരുന്നു പുളകിതം മമജീവനാളം
ഇടവിടാതടവികളും ഗുഹകളും ശ്രുതികൊട്ടിയ
ജഡതൻ ജ്വരജൽപനമയമായ മായ
മറയുന്നു വിരിയുന്നൂ മമജീവൻ തന്നിൽ
മലരുകൾ മലയാളകവിതേ, നിൻമുന്നിൽ
നിർനിമേഷാക്ഷനായ് നിൽപതഹോ ഞാനിദം
നിൻ നർത്തനമെന്തത്ഭുത മന്ത്രവാദം
കണ്ടുനിൻ കൺകോണുകളുലയവേ കരിവരി-
വണ്ടലയും ചെണ്ടുലയും വനികകൾ ഞാൻ
ലളിതേനിൻ കൈവിരലുകളിളകവേ കണ്ടു ഞാൻ
കിളിപാറും മരതകമരനിരകൾ
കനകോജ്ജ്വല ദീപശിഖാ രേഖാവലിയാലെ
കമനീയ കലാദേവത കണിവച്ചതുപോലെ
കവരുന്നു കവിതേ തവനൃത്തരംഗം
കാപാലികനെങ്കിലും എന്നന്തരംഗം
തവചരണ ചലനകൃത രണിതരസരംഗണം
തന്നോരനുഭൂതിതൻ ലയനവിമാനം
എന്നെ പലദിക്കിലുമെത്തിപ്പൂ ഞാനൊരു
പൊന്നോണപ്പുലരിയായ് പരിലസിപ്പൂ
കരകമലദലയുഗള മൃദുമൃദുലചലനങ്ങൾ
കാണിച്ചസൂക്ഷ്മലോകാന്തരങ്ങൾ
പലതും കടന്നുകടന്നു ഞാൻ പോയി
പരിധൃത പരിണതപരിവേഷനായി
ജന്മം ഞാൻ കണ്ടു ഞാൻ നിർവൃതി കൊണ്ടു

ജന്മാന്തരങ്ങളിലെ സുകൃതാമൃതമുണ്ടു
ആയിരം സ്വർഗ്ഗങ്ങൾ സ്വപ്നവുമായെത്തി
മായികേ നീ നിൻ നടനം നടത്തി
പുഞ്ചിരി പെയ്തുപെയ്താട്ടു നീ ലളിതേ
തുഞ്ചന്റെ തത്തയെ കൊഞ്ചിച്ച കവിതേ
അഞ്ചിക്കുഴഞ്ഞഴിഞ്ഞാട്ടു ഉണമിളിതേ
കുഞ്ചന്റെ തുള്ളലിൽ മണികൊട്ടിയ കവിതേ
പലമാതിരി പലഭാഷകൾ പലഭൂഷകൾ കെട്ടി
പാടിയുമാടിയും പലചേഷ്ടകൾ കാട്ടി
വിഭ്രമവിഷവിത്തുവിതക്കിലും ഹൃദിമേ
വിസ്മരിക്കില്ല ഞാൻ നിന്നെ സുരസുഷമേ
തവതലമുടിയിൽനിന്നൊരുനാരുപോരും
തരികെന്നെത്തഴുകട്ടെ പെരുമയും പേരും
പോവുന്നൊ നിൻ നൃത്തം നിർത്തി നീ ദേവീ
പോവല്ലെ പോവല്ലെ പോവല്ലെ ദേവീ

20-4-1946

പ്രസാധകർ
താളിളക്കം